പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75 | 20.03.2013-ൽ മറുപടിക്ക്

## ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>,, പി. തിലോത്തമൻ :<br>,, കെ. രാജു :<br>,, ജി. എസ്. ജയലാൽ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മുഴുവൻ ജനങ്ങളുടെയും ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിച്ചെടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ , എങ്കിൽ വിശദമാക്കമോ ; | (എ) സംസ്ഥാനത്ത് ജനങ്ങളുടെ ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിക്കുന്നതിന് നേരിട്ട് പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന 'ഇ-ഹെൽത്ത് കേരള' എന്ന പദ്ധതിയുടെ ഭാഗമായി ശേഖരിക്കുന്ന വിവരങ്ങൾ പ്രയോജനപ്പെടുത്തി ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിച്ചെടുക്കാവുന്നതാണ്. |
| (ബി) ഈ പദ്ധതിക്കായി കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ , ഉണ്ടെങ്കിൽ എത്ര ; | (ബി) ഈ പദ്ധതിയിലേയ്ക്കായി 86.7 കോടി രൂപയുടെ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. |
| (സി) ഇത്തരത്തിൽ ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വികസിപ്പിച്ചെടുക്കുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കമോ ; | (സി) ഇലക്ട്രോണിക് ഹെൽത്ത് റിക്കാർഡ് വഴി ഓരോ വ്യക്തിയുടെയും ആരോഗ്യസംബന്ധമായ മുഴുവൻ വിവരങ്ങൾ, പൂർവ്വകാല രോഗവിവരങ്ങൾ എന്നിവ ശേഖരിക്കുവാനും ഇത് ചികിത്സയ്ക്ക് ഉപയോഗിക്കുവാനും കഴിയും. എല്ലാ വ്യക്തികളുടെയും മെഡിക്കൽ റിക്കാർഡ് ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകും എന്നതിനാൽ സംസ്ഥാനത്തെ മുഴുവൻ ആരോഗ്യ പ്രശ്നങ്ങളെയും വിശകലനം ചെയ്യാനും അത് ഉപയോഗിച്ച് നയരൂപീകരണവും ആസൂത്രണവും മെച്ചപ്പെടുത്താനും സാധിക്കും. |

സെക്ഷൻ ഓഫീസർ